2024
MAY
13
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ







## ഇന്ത്യനൽകിയ വിമാനങ്ങൾ പ്രവർത്തിപ്പിക്കാൻ സൈന്യത്തിന് കഴിവില്ലെന്ന് മാലിദ്വീപ്

**മാലി:** ഇന്ത്യ സംഭാവന ചെയ്ത മൂന്ന് വിമാനങ്ങൾ പ്രവർത്തിപ്പിക്കാൻ ശേഷിയുള്ള പൈലറ്റുമാർ മാലിദ്വീപ് സൈന്യത്തിന് ഇപ്പോഴും ഇല്ലെന്ന് പ്രതിരോധ മന്ത്രി ഗസാൻ മൗമൂൺ. മാലദ്വീപ് പ്രസിഡൻറ് മുഹമ്മദ് മുയിസുവിൻറെ നടപടിയിൽ 76 ഇന്ത്യൻ പ്രതിരോധ ഉദ്യോഗസ്ഥർ മാലിദ്വീപ് വിട്ട് ദിവസങ്ങൾക്ക് ശേഷമാണ് മന്ത്രിയുടെ പ്രതികരണം.

രണ്ട് ഹെലികോപ്റ്ററുകളും ഒരു ഡോർണിയർ വിമാനവും പ്രവർത്തിപ്പിക്കുന്നതിനായി മാലദ്വീപിൽ തമ്പടിച്ചിരിക്കുന്ന ഇന്ത്യൻ സൈനികരെ പിൻവലിച്ചതിനെ കുറിച്ചും പകരം ഇന്ത്യയിൽ നിന്നുള്ള സാധാരണക്കാരെ നിയമിച്ചതിനെ കുറിച്ചും മാധ്യമങ്ങളെ അറിയിക്കാൻ ശനിയാഴ്ച രാഷ്ട്രപതിയുടെ ഓഫീസിൽ നടത്തിയ വാർത്താ സമ്മേളനത്തിലാണ് ഗസാൻ മൗമൂൺ ഇക്കാര്യം പറഞ്ഞത്.

ഇന്ത്യൻ സൈന്യം നൽകിയ മൂന്ന് വിമാനങ്ങൾ പ്രവർത്തിപ്പിക്കാൻ കഴിയുന്ന സൈനികർ മാലിദ്വീപിൽ ഇല്ലെന്ന് ഒരു മാധ്യമപ്രവർത്തകൻറെ ചോദ്യത്തിന് മറുപടിയായി ഗസാൻ മൗമൂൺ പറഞ്ഞു.

വിവിധ ഘട്ടങ്ങൾ കടന്നുപോകേണ്ട പരിശീലനമായിരുന്നതിനാൽ, പല കാരണങ്ങൾ കൊണ്ട് പരിശീലനം പൂർത്തിയാക്കാൻ സൈനികർക്ക് സാധിച്ചില്ല. അതിനാൽ, രണ്ട് ഹെലികോപ്റ്ററുകളും ഡോർണിയർ വിമാനങ്ങളും പറത്താൻ ലൈസൻസുള്ളവരോ കഴിവുള്ളവരോ ഇപ്പോൾ ഞങ്ങളുടെ സേനയിൽ ഇല്ല.ഗസാൻ മൗമൂണിനെ ഉദ്ധരിച്ച് അധാധു ഡോട്ട് കോം ന്യൂസ് പോർട്ടൽ റിപ്പോർട്ട് ചെയ്തു.

## വിലക്കയറ്റം, വൈദ്യുതിക്ഷാമം

# പാക്ക് അധിനിവേശ കശ്മീരിൽ തെരുവിലിറങ്ങി ജനം: വൻ സംഘർഷം

**ശ്രീനഗർ:** പാക്ക് അധിനിവേശ കശ്മീരിൽ (പിഒകെ) പ്രക്ഷോഭവുമായി ജനങ്ങൾ തെരുവിൽ. ഉയർന്ന നികുതി, വിലക്കയറ്റം, വൈദ്യുതി ക്ഷാമം എന്നിവയ്ക്കെതിരെയാണ് പ്രതിഷേധം. തലസ്ഥാനമായ മുസാഫറാബാദിൽ ഉൾപ്പെടെ പ്രതിഷേധം അടിച്ചമർത്താൻ പൊലീസ് ശ്രമിച്ചതോടെ വൻ സംഘർഷമുണ്ടായി. ദാദ്യാൽ, മിർപുർ, സമഹ്നി, സെഹൻസ, റാവലാകോട്ട്, ഖുയിരാട്ട, തട്ടപാനി, ഹട്ടിയാൻബാല തുടങ്ങിയ പിഒകെയുടെ മറ്റു ഭാഗങ്ങളിലും പൊലീസും പ്രതിഷേധക്കാരും തമ്മിൽ ഏറ്റുമുട്ടി. ശനിയാഴ്ച ഒരു പൊലീസ് ഉദ്യോഗസ്ഥൻ കൊല്ലപ്പെടുകയും തൊണ്ണൂറിലേറെ പേർക്ക് പരുക്കേൽക്കുകയും ചെയ്തു.



മുസാഫറാബാദിൽ ജമ്മു കശ്മീർ ജോയിന്റ് അവാമി ആക്ഷൻ കമ്മിറ്റി (ജെകെജെഎഎസി) ആഹ്വാനം ചെയ്ത പണിമുടക്കിനിടെ പ്രതിഷേധക്കാരെ പിരിച്ചുവിടാൻ പൊലീസ് ആകാശത്തേയ്ക്ക് വെടിവയ്ക്കുകയും കണ്ണീർവാതകവും പ്രയോഗിക്കുകയും ചെയത്. മംഗളഡാമിൽനിന്നുള്ള നികുതിരഹിത വൈദ്യുതി, ഗോതമ്പ് പൊടിക്ക് സബ്സിഡി എന്നിവ ആവശ്യപ്പെട്ടാണ് അവാമി ആക്ഷൻ കമ്മിറ്റി പ്രതിഷേധത്തിന് ആഹ്വാനം ചെയ്തത്. പൊലീസ് നടത്തിയ റെയ്ഡിൽ നിരവധി നേതാക്കളെയും പ്രവർത്തകരെയും അറസ്റ്റ് ചെയ്തു. ശനിയാഴ്ച മുസാഫറാബാദിലേക്ക് ലോങ് മാർച്ച് നടത്തുമെന്ന് കമ്മിറ്റി നേരത്തെ പ്രഖ്യാപിച്ചിരുന്നു.

പ്രതിഷേധക്കാർ സുരക്ഷാ ഉദ്യോഗസ്ഥരെ വടികൊണ്ട് അടിച്ച് ഓടിക്കുന്ന ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ വൈറലായി. പാക്കിസ്ഥാൻ റേഞ്ചേഴ്സ്, ഫ്രോണ്ടിയർ കോർപ്സ് എന്നിവയിൽനിന്നു കൂടുതൽ സൈനികരെ വിന്യസിച്ചും പ്രവർത്തകരെ അറസ്റ്റ് ചെയ്തും പ്രതിഷേധം അടിച്ചമർത്താനാണ് പാക്ക് സർക്കാരിന്റെ നീക്കം. മൂന്നു ബില്യൻ ഡോളറിന്റെ സാമ്പത്തിക സഹായ പാക്കേജ് നൽകിയതിനു പിന്നാലെ രാജ്യാന്തര നാണ്യ നിധി ഏർപ്പെടുത്തിയ കർശന വ്യവസ്ഥകളെ തുടർന്ന പാക്കിസ്ഥാൻ പണപ്പെരുപ്പത്തിൽ വലയുകയാണ്. വൈദ്യുതി ചാർജുകൾ വർധിപ്പിച്ചത് പ്രശ്നങ്ങൾ രൂക്ഷമാക്കുകയും പാക്കിസ്ഥാനിലെ ജനങ്ങൾ തെരുവിലിറങ്ങാൻ നിർബന്ധിതരാവുകയുമായിരുന്നു.

## ഭക്ഷ്യ ഉത്പന്നങ്ങളുടെ വിലക്കയറ്റം

# റിസർവ് ബാങ്കും കേന്ദ്ര ധന മന്ത്രാലയവും വിപണിയിൽ ഇടപെടുന്നു

**കൊച്ചി:** ഭക്ഷ്യ ഉത്പന്നങ്ങളുടെ വിലക്കയറ്റം നേരിടാൻ റിസർവ് ബാങ്കും കേന്ദ്ര ധന മന്ത്രാലയവും വിപണി ഇടപെടലുകൾക്ക് തയ്യാറെടുക്കുന്നു. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ഉത്പന്ന ദൗർലഭ്യമാണ് പ്രധാനമായും വിലക്കയറ്റം സൃഷ്ടിക്കുന്നതെന്നതിനാൽ പലിശ കൂട്ടി മാത്രം മുന്നോട്ടു പോകാനാവില്ലെന്നാണ് റിസർവ് ബാങ്ക് വിലയിരുത്തൽ.

കാലവർഷത്തിൻറെ നീക്കം കണക്കിലെടുത്ത് ധന നയത്തിനു രൂപം നൽകാനാണ് തയ്യാറെടുക്കുന്നതെന്ന് കേന്ദ്ര ബാങ്ക് സൂചന നൽകുന്നു. ഉഷ്ണ തരംഗം ഇന്ത്യയുടെ പ്രധാന കാർഷിക മേഖലകളിൽ കനത്ത ഉത്പാദന തകർച്ച സൃഷ്ടിച്ചതിനാൽ പച്ചക്കറികൾ, ധാന്യങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ, പയർ വർഗങ്ങൾ എന്നിവയുടെ വില കുത്തനെ കൂടുമെന്നാണ് വിപണി വൃത്തങ്ങൾ പ്രവചിക്കുന്നത്. പച്ചക്കറി വില കഴിഞ്ഞ ദിവസങ്ങൾ പൊടുന്നനെ കുതിച്ചുയർന്നിരുന്നു.




പൊതു തെരഞ്ഞെടുപ്പിന് മുന്നോടിയായി പല കാർഷിക ഉത്പന്നങ്ങളുടെയും കയറ്റുമതി നിയന്ത്രണങ്ങൾ ഭാഗികമായി ഒഴിവാക്കിയതും ആഭ്യന്തര വിലകൂടാൻ ഇടയാക്കി. കഴിഞ്ഞ ദിവസങ്ങളിൽ സവാളയുടെ വിലയിൽ പൊടുന്നനെ കുതിപ്പുണ്ടാകാൻ കയറ്റുമതി ഒരു പ്രധാന ഘടകമാണെന്നു വ്യാപാരികൾ പറയുന്നു.

കർഷകരുടെ പ്രതിഷേധം ശക്തമായതിനാൽ കയറ്റുമതി നിയന്ത്രണ നടപടികൾക്ക് ഏറെ പരിമിതിയുണ്ട്. വിപണിയിലെ പണലഭ്യത കുറച്ച് ഉപഭോഗം നിയന്ത്രിക്കാനും ആലോചന ശക്തമാണ്. രണ്ട് വർഷം മുൻപ് വിലക്കയറ്റം അതിരൂക്ഷമായതോടെയാണ് റിസർവ് ബാങ്ക് മുഖ്യ പലിശ നിരക്ക് തുടർച്ചയായി വർധിപ്പിക്കാൻ തുടങ്ങിയത്. ഇക്കാലയളവിൽ റിസർവ് ബാങ്കിൽ നിന്നും വാണിജ്യ ബാങ്കുകൾ വാങ്ങുന്ന വായ്പകളുടെ പലിശയായ റിപ്പോ നിരക്ക് 2.5 ശതമാനം വർദ്ധിപ്പിച്ച് 6.5 ശതമാനമാക്കിയിരുന്നു. എന്നാൽ കഴിഞ്ഞ വർഷം ഫെബ്രുവരി മാസത്തിന് ശേഷം പലിശ നിരക്കിൽ ഇതുവരെ മാറ്റം വരുത്തിയിട്ടില്ല



# കേരളത്തിലെ ഫുട്ബോൾ പ്രേമികൾക്ക് ആവേശമായി സൂപ്പർ ലീഗ്; ഫ്രാഞ്ചൈസികളെ പ്രഖ്യാപിച്ചു

**കൊച്ചി:** ഇന്ത്യൻ ഫുട്ബോളിലെ മികച്ച പ്രതിഭകൾക്കും ആഗോള ഫുട്ബോൾ ലോകം അതിശയത്തോടെ കാണുന്ന ആരാധക വൃന്ദത്തിനും പെരുമ കേട്ട കേരളത്തിലെ ഫുട്ബോൾ ആവേശത്തെ കൊടുമുടിയിലെത്തിക്കാൻ ഏറെ നാളായി കാത്തിരുന്ന സൂപ്പർ ലീഗ് കേരളയുടെ സീസൺ ഒന്നിലെ ആറു ഫ്രാഞ്ചൈസികളെ കൊച്ചിയിൽ പ്രഖ്യാപിച്ചു.

സെപ്റ്റംബർ ആദ്യത്തോടെ ആരംഭിക്കുന്ന പ്രഥമ സൂപ്പർ ലീഗിൽ കൊച്ചി പൈപ്പേഴ്സ് എഫ്സി, കാലിക്കറ്റ് എഫ്സി, തൃശ്ശൂർ റോർ എഫ്സി, കണ്ണൂർ സ്ക്വാഡ് എഫ്സി, തിരുവനന്തപുരം കൊമ്പൻസ് എഫ്സി, മലപ്പുറം എഫ്സി എന്നീ ടീമുകൾ മത്സരിക്കും. 45 ദിവസം നീണ്ടു നിൽക്കുന്നതാണ് സൂപ്പർ ലീഗ് കേരള.ഫ്രാഞ്ചൈസി ഉടമകളും സഹഉടമകളെയും ചടങ്ങിൽ പരിചയപ്പെടുത്തി. ടെന്നീസ് താരം മഹേഷ് ഭൂപതി, സിഇഒ, എസ് ജി സ്പോർട്സ് ആൻഡ് എന്റർടൈൻമെന്റ്, എപിഎൽ അപ്പോളോ (കൊച്ചി പൈപ്പേഴ്സ് എഫ്സി), ബ്രിസ്ബേൻ റോർ എഫ്സി ചെയർമാനും സിഇഒയുമായ കാസ് പടാഫ്ത, മാഗ്നസ് സ്പോർട്സിന്റെ ബിനോയിറ്റ് ജോസഫ് നുസിം ടെക്നോളജീസിന്റെ മുഹമ്മദ് റഫീഖ് (തൃശ്ശൂർ റോർ എഫ്സി), കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് ഡയറക്ടർ എം പി ഹസ്സൻ കുഞ്ഞി, ദോഹയിലെ കാസിൽ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ മിബു ജോസ് നെറ്റിക്കാടൻ, അസറ്റ് ഹോംസ് ഡയറക്ടർ പ്രവീഷ് കുഴുപ്പിള്ളി, വയനാട് എഫ്സി പ്രമോട്ടർ ഷമീം ബക്കർ (കണ്ണൂർ സ്ക്വാഡ് എഫ്സി), കിംസ് സിഎംഡി ഡോ.മുഹമ്മദ് ഇല്യാസ് സഹദുള്ള, കേരള ട്രാവൽസ് എംഡി കെ സി ചന്ദ്രഹാസൻ, ടി ജെ മാത്യൂസ്, സഹഉടമ കോവളം എഫ് സി, പ്രിൻസ് ഗൗരി ലക്ഷ്മി ഭായി (തിരുവനന്തപുരം കൊമ്പൻസ് എഫ്സി), ബിസ്മി ഗ്രൂപ്പ് എംഡി വി എ അജ്മൽ ബിസ്മി, തിരൂർ എസ്എടി എഫ്സി & ഗ്രാൻഡ് ഹൈപ്പർമാർക്കറ്റ്സ് ഡോ അൻവർ അമീൻ ചേലാട്ട്, സൗദി ഇന്ത്യൻ ഫുട്ബോൾ ഫോറം പ്രസിഡന്റ് ബേബി നീലാമ്പ്ര (മലപ്പുറം എഫ്സി), ടെക് സംരംഭകൻ വി കെ മാത്യൂസ്, ഐ ബി എസ് ഗ്രൂപ്പ് (കാലിക്കറ്റ് എഫ്സി) എന്നിവരും ചടങ്ങിൽ പങ്കെടുത്തു.ഇന്ത്യയിലെ തന്നെ ഒരു സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന ആദ്യ ഫുട്ബോൾ സൂപ്പർ ലീഗ് ആണ് ഇത്. കേരളാ ഫുട്ബോൾ അസോസിയേഷനും സ്കോർലൈനും സംയുക്തമായാണ് ലീഗ് സംഘടിപ്പിക്കുന്നത്. ചടങ്ങിൽ സംസ്ഥാന കായിക മന്ത്രി വി അബ്ദുറഹിമാൻ,, കേരള ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ് നവാസ് മീരാൻ, സ്പോർട്സ് കമന്റേറ്റർ ചാരു ശർമ എന്നിവരും സംബന്ധിച്ചു.കേരളത്തെ അന്തർദേശീയ ഫുട്ബോൾ ഭൂപടത്തിൽ അടയാളപ്പെടുത്താൻ പോകുന്നതായിരിക്കും സൂപ്പർ ലീഗ് കേരള. വരും വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ഫുട്ബോൾ പ്രവർത്തനങ്ങൾ വലിയ രീതിയിൽ ഇത് പുനർനിർവചിക്കുമെന്ന് ഫ്രാഞ്ചൈസികളുടെ പരിചയപ്പെടുത്തൽ ചടങ്ങിൽ സംസ്ഥാന കായിക മന്ത്രി വി അബ്ദുറഹിമാൻ പറഞ്ഞു. സൂപ്പർ ലീഗ് കേരളയുടെ വിജയം യുവാക്കൾക്ക് പുതിയ അവസരങ്ങളും പ്രാദേശിക ജനതയുടെ കൂടുതൽ പങ്കാളിത്തവും സാധ്യമാക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് കേരള ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ് നവാസ് മീരാൻ പറഞ്ഞു.

ലോക നിലവാരത്തിലേക്ക് ഉയരാൻ കഴിയുന്ന മികച്ച ഫുട്ബോൾ താരങ്ങൾ കേരളത്തിൽ ഉണ്ട്. അവസരവും പ്രോത്സാഹനവും മികച്ച സൗകര്യങ്ങളും നൽകി അവരെ ദേശീയ, അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുക

എന്നതാണ് സൂപ്പർ ലീഗ് കേരള ലക്ഷ്യമിടുന്നത്. വിദേശത്ത് നിന്നുള്ള മികച്ച കളിക്കാർ, പരിശീലകർ, സാങ്കേതിക വിദഗ്ധർ എന്നിവരുടെ സഹായം ലീഗിലെ ടീമുകൾക്ക് ഉണ്ടാകും. സൂപ്പർ ലീഗ് കേരള വരുന്നതോടെ നമ്മുടെ സംസ്ഥാനത്തെ മികച്ച താരങ്ങൾക്ക് വിദേശ പ്രതിഭകളോടൊപ്പം കളിച്ചു തങ്ങളുടെ കഴിവ് മികച്ചതാക്കാൻ കഴിയും.

ഏഷ്യൻ താരങ്ങൾക്കൊപ്പം മധ്യേഷ്യ, ആഫ്രിക്ക, യൂറോപ്പ്, ലാറ്റിൻ അമേരിക്ക തുടങ്ങിയ ഇടങ്ങളിൽ നിന്നുള്ള കളിക്കാരുടെയും പരിശീലകരുടെയും സേവനം ഉണ്ടാകും.പ്രാദേശികമായി തിരഞ്ഞെടുക്കപ്പെട്ട ആറ് സ്ഥലങ്ങൾക്ക് മാത്രമല്ല കേരളത്തിലുടനീളം ഇതിന്റെ പ്രയോജനം ലഭ്യമാകുന്ന തരത്തിലാണ് ലീഗിന്റെ ആസൂത്രണം. ഫ്രാഞ്ചൈസികൾ തിരഞ്ഞെടുക്കുന്ന കേരളത്തിൽ നിന്നുള്ള 100 ഓളം യുവാക്കൾക്ക് താരതമ്യേന നല്ല തുക പ്രതിഫലമായി ലഭിക്കും. അവർക്ക് വരും വർഷങ്ങളിൽ ദേശീയ, അന്തർദേശീയ ഫുട്ബോളിൽ ഉയരാനുള്ള ചവിട്ടുപടിയായി കൂടിയായിരിക്കും ഈ ലീഗ്.

ഹൈബി ഈഡൻ എംപി, എംഎൽഎമാരായ ടിജെ വിനോദ്, പിവി ശ്രീനിജൻ, ഓസ്ട്രേലിയയുടെ കൗൺസൽ ജനറൽ (ചെന്നൈ) സിലായ് സാക്കി, പ്രശസ്ത കായിക താരവും പ്രോ കബഡി ലീഗ് സഹസ്ഥാപകനുമായ ചാരു ശർമ, കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു ഷറഫലി , ഫുട്ബോൾ താരങ്ങളായ ഐ എം വിജയൻ, ഷബീർ അലി, ബൈച്ചുങ് ബൂട്ടിയ, സി വി പാപ്പച്ചൻ, സിസി ജേക്കബ്, വിക്ടർ മഞ്ഞില, എം എം ജേക്കബ്, ജോ പോൾ അഞ്ചേരി, എൻ.പി.പ്രദീപ്, കെ.കെ.രഞ്ജിത്ത് എന്നിവരും പങ്കെടുത്തു.

പരിശീലകരായ ടി ജി പുരുഷോത്തമൻ, സതീവൻ ബാലൻ, നാരായണ മേനോൻ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# മലയാളി നഴ്സിന് സ്മൈൽ ട്രെയിൻ അവാർഡ്

**കൊച്ചി:** ലോകത്തിലെ ഏറ്റവും വലിയ ക്ലെഫ്റ്റ് ഫോക്കസ്ഡ് എൻജിഒയായ സ്മൈൽ ട്രെയിൻ നൽകുന്ന ഈ വർഷത്തെ "ടീച്ച് എ വുമൺ ടു ഫിഷ് അവാർഡ്" തൃശ്ശൂരിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഫീമെയിൽ സർജറി വാർഡിലെ ഹെഡ് നഴ്സ് സിസ്റ്റർ ശോഭ ലോനപ്പനു ലഭിച്ചു. ന്യൂയോർക്കിൽ നടന്ന സ്മൈൽ ട്രെയിൻ ഗാലയിയുടെ 25ാം വാർഷികത്തിൽ ക്ലെഫ്റ്റുള്ള കുട്ടികളോടുള്ള അവരുടെ അചഞ്ചലമായ അർപ്പണബോധത്തിനും അനുകമ്പയുള്ള പരിചരണത്തിനും അംഗീകാരമായാണ് അവർക്ക് ആഗോള അവാർഡ് സമ്മാനിച്ചത്. ക്ലെഫ്റ്റ് കെയർ മെഡിക്കൽ പ്രൊഫഷണലുകൾക്ക് നൽകുന്ന ഈ ആഗോള അംഗീകാരം ലഭിക്കുന്ന ആദ്യത്തെ നഴ്സാണ് സിസ്റ്റർ ശോഭ. 2007 മുതൽ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ സ്മൈൽ ട്രെയിൻപിന്തുണയുള്ള ക്ലെഫ്റ്റ് കെയർ പ്രോഗ്രാമിന്റെ അവിഭാജ്യ ഘടകമാണ് സിസ്റ്റർ ശോഭ. ക്ലെഫ്റ്റ് ചികിത്സയ്ക്ക് വിധേയരായ കുട്ടികൾക്ക് സമഗ്രമായ പരിചരണം നൽകുന്നതിനുള്ള അവരുടെ ശ്രദ്ധേയമായ പ്രതിബദ്ധതയ്ക്ക് രോഗികളിൽ നിന്നും സഹപ്രവർത്തകരിൽ നിന്നും ഒരുപോലെ പ്രശംസ നേടിയിട്ടുണ്ടെന്ന് സ്മൈൽ ട്രെയിൻ സീനിയർ വൈസ് പ്രസിഡന്റ്റും റീജിയണൽ ഡയറക്ടറുമായ മംമ്ത കരോൾ പറഞ്ഞു.




ആരോഗ്യ പരിപാലനത്തിൽ അനുകമ്പയുടെയും അർപ്പണബോധത്തിന്റെയും പ്രതിരൂപമാണ് സിസ്റ്റർ ശോഭ ലോനപ്പൻ, ക്ലെഫ്റ്റുകളാൽ ബുദ്ധിമുട്ടുന്ന കുട്ടികൾക്കും ക്ലെഫ്റ്റ് സംരക്ഷണ സമൂഹത്തിനും അമൂല്യമായ സംഭാവനകൾ നൽകാൻ അവർക്ക് കഴിഞ്ഞു. ഞങ്ങളുടെ 25ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ സ്മൈൽ ട്രെയിനിന്റെ പ്രധാന മൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്നതാണ് മികവിനും അനുകമ്പയുള്ള പരിചരണത്തിനുമുള്ള അവരുടെ പ്രതിബദ്ധതയെന്നും മംമ്ത കരോൾ പറഞ്ഞു.എല്ലാ ദിവസവും ചെയ്യുന്ന ജോലിക്ക് അംഗീകാരം ലഭിക്കുന്നതിൽ അതിയായ സന്തോഷമെന്ന് സിസ്റ്റർ ശോഭ ലോനപ്പൻ പറഞ്ഞു. ഈ ബഹുമതി എന്റേത് മാത്രമല്ല, സമർപ്പണവും കൂട്ടായ പ്രവർത്തനത്തിലൂടെയും എല്ലാ ദിവസവും അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന മുഴുവൻ ടീമിനുമുള്ള ആദരവും കൂടിയാണെന്നും അവർ പറഞ്ഞു.




# ഭവൻസ് ദേശീയോദ്ഗ്രഥന പരിപാടി സമാപിച്ചു

**കൊച്ചി:** അഖിലേന്ത്യാതലത്തിൽ സംഘടിപ്പിച്ച പന്ത്രണ്ടാമത് ഭവൻസ് ദേശീയോദ്ഗ്രഥന പരിപാടിക്ക് എരൂർ ഭവൻസ് വിദ്യാമന്ദിറിൽ സമാപനമായി. മെയ് 6 ന് തുടങ്ങി ഒരാഴ്ച നീണ്ടുനിന്ന പരിപാടിയിൽ സമൂഹത്തിൻറെ വിവിധ മേഖലയിലുള്ള വിശിഷ്ട വ്യക്തികൾ കുട്ടികൾക്ക് വ്യത്യസ്ത വിഷയങ്ങളിൽ ക്ളാസ്സുകൾ എടുത്തു. അറിവും ആനന്ദവും പ്രദാനം ചെയ്ത പരിപാടികൾ വിദ്യാർഥികളെ വളരെ ആകർഷിച്ചുവെന്ന് ഇന്ത്യയിലെ വിവിധ ഭവൻസ് വിദ്യാലയങ്ങളിൽ നിന്നെത്തിയ അധ്യാപകരും വിദ്യാർത്ഥികളും അഭിപ്രായപ്പെട്ടു. മെയ് 11 ന് നടന്ന സമാപനസമ്മേളനത്തിൽ ഭാരതീയവിദ്യാഭവൻ കൊച്ചി കേന്ദ്ര ഡെപ്യൂട്ടി ഡയറക്ടർ കെ. സുരേഷ് സമാപന പ്രസംഗം നടത്തി. ഭാരതീയ വിദ്യാഭവൻ കൊച്ചികേന്ദ്ര ഡയറക്ടർ ഇ. രാമൻകുട്ടി ചടങ്ങിൽ പങ്കെടുത്തു. വിവിധ ഭവൻസ് സ്കൂളുകളിൽ നിന്നെത്തിയ അധ്യാപക വിദ്യാർത്ഥി പ്രതിനിധികളും ദേശീയോദ്ഗ്രഥന പരിപാടിയുടെ പ്രാധാന്യത്തെക്കുറിച്ച് ചടങ്ങിൽ സംസാരിച്ചു. പങ്കെടുത്ത പ്രതിനിധികൾക്ക് ചടങ്ങിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സമാപനച്ചടങ്ങിൽ ഭവൻസ് എരൂർ അസിസ്റ്റൻറ് വൈസ്പ്രിൻസിപ്പൽ ജിജിത വി. ജി സ്വാഗതവും ഇംഗ്ലീഷ് വിഭാഗം അധ്യാപിക അമ്പിളി.ബി കൃതജ്ഞതയും പറഞ്ഞു.

# കല്യാൺ ജൂവലേഴ്സിന് 18,548 കോടി രൂപ വിറ്റുവരവ്




**കൊച്ചി:** 2024 സാമ്പത്തിക വർഷത്തിൽ കല്യാൺ ജൂവലേഴ്സ് ഇന്ത്യ ലിമിറ്റഡിൻറെ വിറ്റുവരവ് മുൻ വർഷത്തെ 14,071 കോടി രൂപയിൽ നിന്ന് 18,548 കോടി രൂപയായി വർധിച്ചു. മുൻ വർഷത്തെ വിറ്റുവരവിനെ അപേക്ഷിച്ചു 32 ശതമാനം വർദ്ധനവ്. 2024 സാമ്പത്തിക വർഷത്തിൽ ആകമാന ലാഭം 596 കോടി രൂപയാണ്.2024 സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ ഇന്ത്യയിൽ നിന്നുള്ള വിറ്റുവരവ് 15,783 കോടി രൂപയാണ്. കഴിഞ്ഞ വർഷം അത് 11,584 കോടി ആയിരുന്നു. വളർച്ച 36 ശതമാനം.

കമ്പനിയുടെ ഇന്ത്യയിൽനിന്നുള്ള ലാഭം 554 കോടി രൂപയായി വർധിച്ചു. കഴിഞ്ഞ വർഷം അത് 390 കോടി രൂപ ആയിരുന്നു. 42 ശതമാനം വളർച്ച രേഖപ്പെടുത്തി.2024 സാമ്പത്തിക വർഷത്തിൻറെ നാലാം പാദത്തിൽ ആകമാന വിറ്റുവരവ് 4,535 കോടി രൂപയായി ഉയർന്നപ്പോൾ കഴിഞ്ഞവർഷം അത് 3,382 കോടി ആയിരുന്നു. 34 ശതമാനമാണ് വളർച്ച. നാലാം പാദത്തിൽ ആകമാന ലാഭം മുൻവർഷത്തെ 70 കോടി രൂപയിൽ നിന്നും 96 ശതമാനം വളർച്ചയോടെ 137 കോടി രൂപയായി വർധിച്ചു.നാലാം പാദത്തിൽ ഇന്ത്യയിൽ നിന്നുള്ള വിറ്റുവരവ് 3,876 കോടി രൂപ ആണ്. കഴിഞ്ഞ വർഷം അത് 2,805 കോടി രൂപ ആയിരുന്നു. 38 ശതമാനം വളർച്ച രേഖപ്പെടുത്തി. ഈ പാദത്തിൽ ഇന്ത്യയിൽ നിന്നുള്ള ലാഭം 131 കോടി രൂപയാണ്.

കഴിഞ്ഞ വർഷം അത് 66 കോടി രൂപ ആയിരുന്നു. വളർച്ച 99 ശതമാനം ഗൾഫ് മേഖലയിൽ നാലാം പാദത്തിൽ കമ്പനിയുടെ വിറ്റുവരവ് 624 കോടി രൂപയായി ഉയർന്നു. കഴിഞ്ഞ വർഷം അത് 549 കോടി രൂപ ആയിരുന്നു.14 ശതമാനം വളർച്ച രേഖപ്പെടുത്തി. ഈ പാദത്തിൽ ഗൾഫ് മേഖലയിൽ നിന്നുള്ള ലാഭം 9.9 കോടി ആയി വർധിച്ചു. കഴിഞ്ഞ വർഷം അത് 5.6 കോടി ആയിരുന്നു. 76 ശതമാനം വളർച്ച.കമ്പനിയുടെ ലൈഫ്സ്റ്റൈൽ ബ്രാൻഡായ കാൻഡിയറിൻറെ നാലാം പാദ വിറ്റുവരവ് 36 കോടി രൂപയാണ്. കഴിഞ്ഞ വർഷം അത് 32 കോടി രൂപ ആയിരുന്നു. ഈ വർഷം കാൻഡിയർ 70 ലക്ഷം രൂപ നഷ്ടം രേഖപ്പെടുത്തി. കഴിഞ്ഞ വർഷം ഇതേ പാദത്തിൽ നഷ്ടം 1.9 കോടി രൂപ ആയിരുന്നു .കമ്പനിയുടെ ഡയറക്ടർ ബോർഡ് ഓഹരി ഉടമകൾക്ക് 120 കോടി ലാഭവിഹിതം നൽകാൻ ശുപാർശ ചെയ്തു. കമ്പനിയുടെ ലാഭത്തിൻറെ 20 ശതമാനത്തിൽ കൂടുതലാണ് ലാഭവിഹിതമായി നൽകുന്നത്.കമ്പനിയുടെ 2024 സാമ്പത്തിക വർഷം വളരെ സംതൃപ്തി നൽകുന്നതാണ് എന്നും പുതിയ സാമ്പത്തിക വർഷത്തിൻറെ ആദ്യ പാദത്തിൽ വിവാഹ പർച്ചേസുകളിലും അക്ഷയ തൃതീയ ദിനത്തിലും ഉപഭോക്തൃ ഡിമാൻഡിൽ പ്രോത്സാഹജനകമായ മുന്നേറ്റത്തിനാണ് കമ്പനി സാക്ഷ്യം വഹിക്കുന്നതെന്നും കല്യാൺ ജൂവലേഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ രമേശ് കല്യാണരാമൻ പറഞ്ഞു .



# കായയുടെ പുതിയ സ്കിൻ കെയർ ക്ലിനിക് കൊച്ചിയിൽ ആരംഭിച്ചു

**കൊച്ചി:** ഡെർമറ്റോളജിസ്റ്റുകളുടെ ഏറ്റവും വലിയ ശൃംഖലയുള്ള ഇന്ത്യയിലെ മുൻനിര സ്കിൻ കെയർ ബ്രാൻഡായ കായ, കൊച്ചിയിലെ തങ്ങളുടെ ഏറ്റവും പുതിയ ക്ലിനിക്ക് പനമ്പിള്ളി നഗറിലെ കൃഷ്ണാസ് എമ്പയറിന്റെ ഒന്നാം നിലയിൽ ആരംഭിച്ചു. 1600 ചതുരശ്ര അടി വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന കൊച്ചിയിലെ പുതിയ കായ ക്ലിനിക് നടി ഗൗരി ജി കിഷൻ ഉദ്ഘാടനം ചെയ്തു. അത്യാധുനിക സൗകര്യങ്ങളുള്ള ക്ലിനിക്കിൽ, ഡെർമറ്റോളജിയിലും സൗന്ദര്യശാസ്ത്രത്തിലും ഏറ്റവും പുതിയ മുന്നേറ്റങ്ങൾ ഉൾക്കൊള്ളുന്ന വ്യക്തിഗത ചികിത്സകൾ നൽകുന്നതിനായി സമർപ്പിച്ചിരിക്കുന്ന ആറ് സർവീസ് റൂമുകൾ ഉണ്ടാവും. ഇൻഡൽജന്റ് ഫേഷ്യൽ മുതൽ നൂതന ബോഡി കോണ്ടറിംഗ് സേവനങ്ങൾ വരെ, കൊച്ചി നിവാസികൾക്ക് ഇപ്പോൾ കായയുടെ ഉയർന്ന പരിശീലനം ലഭിച്ച പ്രൊഫഷണലുകളുടെ സമാനതകളില്ലാത്ത വൈദഗ്ദ്ധ്യം സൗകര്യപ്രദമായി അനുഭവിക്കാൻ സാധിക്കുമെന്ന് കായ ലിമിറ്റഡ് സിഇഒ രാജീവ് നായർ പറഞ്ഞു. കൊച്ചിയിൽ അതിന്റെ ഏറ്റവും പുതിയ ക്ലിനിക്ക് ആരംഭിച്ചതോടെ, കായ ക്ലിനിക് ചർമ്മസംരക്ഷണ മികവിന്റെ മേഖലയിൽ പുതിയ മാനദണ്ഡങ്ങൾ സ്ഥാപിക്കുന്നത് തുടരുകയും കൂടാതെ തിളക്കമുള്ളതും ആരോഗ്യകരവുമായ ചർമ്മത്തിലേക്കുള്ള യാത്രയിൽ വിശ്വസ്ത പങ്കാളിയെന്ന നിലയിൽ അതിന്റെ സ്ഥാനം വീണ്ടും ഉറപ്പിക്കുകയും ചെയ്യുന്നുവെന്നും രാജീവ് നായർ പറഞ്ഞു.

# ആനകളുടെ പുനരധിവാസം: സംഭാവന നൽകിയ ഭൂമി സ്വീകരിക്കാനൊരുങ്ങി വനംവകുപ്പ്

**കൊച്ചി:** ആനകളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി പ്രവർത്തിക്കുന്ന വോയിസസ് ഫോർ ഏഷ്യൻ എലിഫെന്റ്സ് സംഘടനയും അതിന്റെ പ്രാദേശികപങ്കാളിയായ നേച്ചർ മേറ്റ്സ് നേച്ചർ ക്ലബ്ബും ചേർന്ന് സംഭാവന ചെയ്ത നാലേക്കർ സ്ഥലം ഔദ്യോഗികമായി ഏറ്റെടുക്കാനുള്ള അവസാനവട്ട തയാറെടുപ്പുകളിലേക്ക് കടന്നിരിക്കുകയാണ് സംസ്ഥാന വനംവകുപ്പ്. ആനകളെ സ്വൈര്യപൂർവം വിഹരിക്കാൻ അനുവദിക്കുന്നതിന് ഈ സ്ഥലം വിനിയോഗിക്കും. വനത്തിനും വന്യമൃഗങ്ങൾക്കും വേണ്ടി പൊതുസ്വകാര്യ പങ്കാളിത്തത്തോടെ ചെയ്യുന്ന പദ്ധതിയായി മാറുകയാണിത്.

വന്യജീവികളെ സംരക്ഷിക്കുന്നതിൽ ഇത്തരമൊരു നീക്കത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ പാലക്കാട് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ, നടപടികൾ അതിവേഗം പൂർത്തിയാക്കാണമെന്ന് സർക്കാരിനോട് ശുപാർശ ചെയ്തു സർക്കാർ ഉത്തരവ് ഇറക്കിയാലുടൻ നിശ്ചിതസ്ഥലം ഔദ്യോഗികമായി കേരള വനംവകുപ്പിന്റെ സംരക്ഷണഭൂമിയായി മാറും.

കേരളത്തിൽ കരിമ്പുഴ വന്യജീവി സങ്കേതത്തിനടുത്ത്, സൈലന്റ് വാലി നാഷണൽ പാർക്കിനും തമിഴ്നാട്ടിലെ മുക്കുർത്തി നാഷണൽ പാർക്കിനുമിടയിലാണ് ഈ ഭൂമിയുള്ളത്. കാട്ടാനകളുടെ തനത് അധിവാസകേന്ദ്രമാകാൻ എന്തുകൊണ്ടും അനുയോജ്യമായ ഈ സ്ഥലം വനംവകുപ്പ് ഏറ്റെടുക്കുന്നതോടെ വീണ്ടും വനവത്കരിക്കപ്പെടും. സംഭാവനയായി ഭൂമി കൈമാറുന്നതിന്റെ ഭാഗമായി, വില്പനരേഖകൾ സഹിതം എല്ലാ ഫയലുകളും അതിസൂക്ഷ്മമായി പരിശോധിച്ചു. എല്ലാ ഘട്ടങ്ങളിലും സുതാര്യതയും ഉത്തരവാദിത്വവും കൃത്യമായി ഉറപ്പുവരുത്തിയതിന് ശേഷമാണ് പാലക്കാട് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് മാനേജ്മെന്റ്) ഇക്കാര്യം സർക്കാരിന്റെ പരിഗണനയ്ക്ക് വിട്ടിട്ടുള്ളത്. ഇനി സർക്കാർ ഉത്തരവ് ഇറങ്ങിയാലുടൻ ഭൂമി വനംവകുപ്പിന് കൈമാറുന്ന നടപടികൾ ആരംഭിക്കും. അതോടെ സംസ്ഥാനത്തെ വനസംരക്ഷണപ്രവർത്തനങ്ങളിൽ പുതിയൊരധ്യായത്തിന് തുടക്കമാകും.ആഗോളതല ശ്രദ്ധ നേടിയ ”ഗോഡ്സ് ഇൻ ഷാക്കിൾസ്” എന്ന പ്രശസ്ത ഡോക്യുമെന്ററിയുടെ സംവിധായകയായ സംഗീത അയ്യരാണ് വോയിസസ് ഫോർ ഏഷ്യൻ എലിഫെന്റ്സ് സ്ഥാപിച്ചത്. ആനകളുടെ ആവാസകേന്ദ്രങ്ങളും വന്യജീവികളെയും സംരക്ഷിക്കാൻ സംഘടന നടത്തിവരുന്ന പ്രവർത്തനങ്ങളിൽ വലിയൊരു നാഴികക്കല്ലാണിതെന്ന് സംഗീത അയ്യർ പറഞ്ഞു.

ജൈവവൈവിധ്യങ്ങളും പാരിസ്ഥിതികസന്തുലിതാവസ്ഥയും സംരക്ഷിക്കുന്നതിൽ വലിയൊരു പ്രതീക്ഷയാണ് ഈ സംഭാവന മുന്നോട്ടുവെക്കുന്നത്. പ്രകൃതിക്ക് വേണ്ടി ഏവരും ഒരുമിച്ച് നിന്ന് പ്രവർത്തിച്ചാൽ വലിയ മാറ്റങ്ങൾ കൈവരിക്കാമെന്നുള്ളതിന്റെ തെളിവാണിത്.

കേരളത്തിലെ വനംവകുപ്പുമായി ചേർന്ന് ഇത്തരമൊരു പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്നും ഭാവിയിൽ ഇനിയും ഒരുമിച്ച് പ്രവർത്തിക്കുമെന്നും സംഗീത അയ്യർ കൂട്ടിച്ചേർത്തു.






ജെഎസ്എസ് സ്ഥാപക നേതാവും മുൻ മന്ത്രിയുമായ കെ ആർ ഗൗരിയമ്മയുടെ മൂന്നാം ചരമവാർഷിക ദിനാചരണത്തിന്റെ ഭാഗമായി ജെഎസ്എസ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഹൈക്കോർട്ട് ജംഗ്ഷനിൽ സംഘടിപ്പിച്ച അനുസ്മരണ സമ്മേളനത്തിൽ ജെഎസ്എസ് സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എംഎൽഎയുമായ അഡ്വ. എ. എൻ. രാജൻബാബു ഗൗരിയമ്മയുടെ ഛായാചിത്രത്തിൽ പുഷ്പാർച്ചന നടത്തുന്നു.



കേരള ആർത്രൈറ്റിസ് ആന്റ് റുമാറ്റിസം സൊസൈറ്റി, ലൂപ്പസ് ട്രസ്റ്റ്, ഡോ.ഷേണായിസ് കെയർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ലോക ലൂപ്പസ് ദിനാചരണ സമ്മേളനം ആർജെ നീന ഉദ്ഘാടനം ചെയ്യുന്നു. ഡോ.കാവേരി കെ നളിന്ദ, വചസമൃത, ഡോ.ബോബി വർക്കി, ഡോ. കെ നാരായണൻ, ഡോ.വിശാൽ മർവ്വ,ഡോ. അനുരൂപ വിജയൻ, ഡോ.പത്മനാഭ ഷേണായി, ദിനേശ് മേനോൻ തുടങ്ങിയവർ സമീപം

# ലൂപ്പസ് രോഗം റെയർ ഡിസീസ് പോളിസിയിൽ ഉൾപ്പെടുത്തണം

**കൊച്ചി:** കേന്ദ്രസർക്കാർ നടപ്പിലാക്കിയിരിക്കുന്ന നാഷണൽ പോളിസി ഫോർ റെയർ ഡിസീസിൽ ലൂപ്പസ് രോഗത്തെയും ഉൾപ്പെടുത്തണമെന്ന് കേരള ആർത്രൈറ്റിസ് ആന്റ് റുമാറ്റിസം സൊസൈറ്റി, ലൂപ്പസ് ട്രസ്റ്റ്, ഡോ.ഷേണായിസ് കെയർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ലോക ലൂപ്പസ് ദിനാചരണ സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു.

ലൂപ്പസ് രോഗം ഗൗരവമേറിയ രോഗം തന്നെയാണ് ഈ ആവശ്യം ഉന്നയിച്ച് നിരവധി തവണ ലൂപ്പസ് രോഗബാധിതർ കേന്ദ്രസർക്കാരിന് നിവേദനങ്ങളും പരാതികളും നൽകിയെങ്കിലും നാളിതുവരെ അനുകൂല നടപടിയുണ്ടായിട്ടില്ല. ലൂപ്പസ് രോഗം നാഷണൽ പോളിസി ഫോർ റെയർ ഡിസീസിൽ ഉൾപ്പെടുത്തി രാജ്യത്തിന്റെ എല്ലാ ഭാഗത്തും രോഗികൾക്ക് സഹായം ലഭിക്കുന്ന സാഹചര്യം അടിയന്തരമായി ഉണ്ടാകണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. ലൂപ്പസ് രോഗികൾക്ക് നിലവിൽ ആയുഷ്മാൻ ഭാരത് പ്രകാരം അഞ്ചു ലക്ഷത്തിന്റെ ഇൻഷുറൻസ് നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്.

എന്നാൽ വൻതുക ചികിൽസയ്ക്ക് ആവശ്യമായി വരുന്ന രോഗമാണ് ലൂപ്പസ്. ഈ സാഹചര്യത്തിൽ നാഷണൽ പോളിസി ഫോർ റെയർ ഡിസീസിൽ ഉൾപ്പെടുത്തിയാൽ ഇതിന് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കുമെന്നും സമ്മേളനം വ്യക്തമാക്കി. കലൂർ എംഇഎസ് ഹാളിൽ നടന്ന സമ്മേളനം ആർജെ നീന ഉദ്ഘാടനം ചെയ്തു.ഡോ.പത്മനാഭ ഷേണായി മുഖ്യപ്രഭാഷണം നടത്തി.

ലൂപ്പസ് രോഗം സംബന്ധിച്ച് പൊതു സമൂഹത്തിൽ ബോധവൽക്കരണം അനിവാര്യമാണെന്ന് ഡോ.പത്മനാഭ ഷേണായി പറഞ്ഞു. രോഗത്തെ അതിജീവിക്കാൻ മരുന്നിനൊപ്പം കൂട്ടായ്മകളും അനുഭവങ്ങൾ പങ്കുവെയ്ക്കലും അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. ഡോ. കെ നാരായണൻ, ഡോ.വിശാൽ മർവ്വ, ഡോ.കാവേരി കെ നളിന്ദ, ഡോ. അനുരൂപ വിജയൻ, ലൂപ്പസ് ട്രസ്റ്റ് ഇൻഡ്യ പ്രസിഡന്റ് വചസമൃത, ട്രസ്റ്റി അഷറുദ്ദീൻ തുടങ്ങിയവർ സംസാരിച്ചു.

ഡോ.ബോബി വർക്കി,ഡോ.എം ജ്യോതി, ഡോ.എസ് ഷൈന എന്നിവർ ലൂപ്പസ് രോഗം സംബന്ധിച്ചുള്ള സംശയങ്ങൾ, ആശങ്കകൾ, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയിൽ ബോധവൽക്കണ ക്ലാസുകൾ നടത്തുകയും സംശയങ്ങൾക്ക്മറുപടി നൽകുകയും ചെയ്തു.

തുടർന്ന് രോഗവുമായി ബന്ധപ്പെട്ട് ലൂപ്പസ് ട്രസ്റ്റ് ഇന്ത്യ സെക്രട്ടറി ദിനേശ് മേനോന്റെ നേതൃത്വത്തിൽ പൊതുചർച്ചയും ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

# കെ ആർ ഗൗരിയമ്മയുടെ ചരമവാർഷികം ആചരിച്ചു

**കൊച്ചി:** ജെഎസ്എസ് സ്ഥാപക നേതാവും മുൻ മന്ത്രിയുമായ കെ ആർ ഗൗരിയമ്മയുടെ മൂന്നാം ചരമവാർഷികം ജെഎസ്എസ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധ പരിപാടികളോടെ ആചരിച്ചു. കെ ആർ ഗൗരിയമ്മ മൂന്നാം സ്മൃതി ദിനം എന്ന പേരിൽ എറണാകുളം ഹൈക്കോർട്ട് ജംഗ്ഷനിൽ നടന്ന അനുസ്മരണ സമ്മേളനം ജെഎസ്എസ് സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എംഎൽഎയുമായ അഡ്വ. എ. എൻ. രാജൻ ബാബു ഉദ്ഘാടനം ചെയ്തു. ഗൗരിയമ്മ മന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്ന ജനോപകാരപ്രദമായ പല പദ്ധതികളും ഇന്നും കേരള ജനതക്ക് ഒരു മുതൽകൂട്ടാണെന്ന് അനുസ്മരണ സമ്മേളം ഉദ്ഘാടനം ചെയ്തുകൊണ്ട് അഡ്വ. എ എൻ രാജൻബാബു പറഞ്ഞു. ഗൗരിയമ്മയുടെ ഛായാ ചിത്രത്തിൽ പ്രവർത്തകർ പുഷ്പാർച്ചന നടത്തി. ജില്ലാ പ്രസിഡന്റ് വി. കെ. സുനിൽകുമാർ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി പി. ആർ. ബിജു. പാർട്ടി സെന്റർ അംഗങ്ങളായ അഡ്വ. കെ വി ഭാസി, അഡ്വ. സുനിത കെ. വിനോദ്, ജില്ലാ കമ്മിറ്റി അംഗങ്ങളായ എം. ജി. ചന്ദ്രബോസ്, മധു അയ്യമ്പിള്ളി, ഗോപാലകൃഷ്ണൻ അങ്കമാലി, ആന്റണി അങ്കമാലി, അഡ്വ.ഗോപാലകൃഷ്ണൻ, ഗിരിജ, മനു നെട്ടൂർ,രജീഷ് കുമാർ തുടങ്ങിവയർ സംസാരിച്ചു.

# ഹെർബോകെം +91 അശ്വഗന്ധ പുറത്തിറക്കി

HERBOCHEM™ (Since 1973)

**കൊച്ചി:** 50 വർഷത്തിലേറെ വ്യവസായ വൈദഗ്ധ്യമുള്ള മുൻനിര ഫൈറ്റോ കെമിക്കൽ നിർമാതാക്കളായ ഹെർബോകെം, സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട മാനസികരോഗങ്ങൾക്കായുള്ള ലോകത്തെ ആദ്യ പൂർണ്ണ സ്പെക്ട്രം അശ്വഗന്ധ സത്തായ ഹെർബോകെം '+91 അശ്വഗന്ധ' പുറത്തിറക്കി.

നൂറ്റാണ്ടുകളായി ആയുർവേദ പാരമ്പര്യങ്ങളിൽ ആദരിക്കപ്പെടുന്ന ഒരു അഡാപ്റ്റോജെനിക് സസ്യമായ അശ്വഗന്ധ, സന്തുലിത മാനസികവും ശാരീരികവുമായ ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിനുള്ള കഴിവിന് പേരുകേട്ടതാണ്.

+91 അശ്വഗന്ധണ്ണ മറ്റുള്ളവയിൽ നിന്ന് വേറിട്ടുനിൽക്കുന്നത് അതിന്റെ സവിശേഷമായ വേർതിരിച്ചെടുക്കൽ സാങ്കേതികതയിലൂടെയാണ്, അത് സജീവമായ സംയുക്തങ്ങളെ പിടിച്ചെടുക്കുക മാത്രമല്ല, പൊട്ടാസ്യം, മഗ്നീഷ്യം തുടങ്ങിയ പ്രകൃതിദത്ത മാക്രോപോഷകങ്ങളെ പരമാവധി വർദ്ധിപ്പിക്കുകയും സാങ്കേതിക പോഷണത്തിനും മാനസികാരോഗ്യത്തിനും സമഗ്രമായ പരിഹാരം വാഗ്ദാനം ചെയ്യുകയും ആധുനിക കാലത്തെ പിരിമുറുക്കങ്ങൾക്കിടയിൽ സന്തുലിതവും പ്രതിരോധശേഷിയുള്ളതുമായ ജീവിതശൈലി സ്വീകരിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുന്നു.

ഞങ്ങളുടെ എക്സ്ട്രാക്ട് അശ്വഗന്ധ വേരുകൾ, ഇലകൾ, ജലം എന്നിവയുടെ സമർത്ഥമായ മിശ്രിതമാണ് വേർതിരിച്ചെടുത്ത അംശം, ഒപ്റ്റിമൈസ് ചെയ്ത അനുപാതത്തിൽ ശ്രദ്ധാപൂർവ്വം സംയോജിപ്പിച്ച് ഞങ്ങൾ 'സുവർണ്ണ അനുപാതം' എന്ന് വിളിക്കുന്നു. സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട മാനസിക രോഗങ്ങളുടെ വർദ്ധിച്ചുവരുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനാണ് ഈ സവിശേഷമായ ഫോർമുലേഷൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. നമ്മുടെ വർദ്ധിച്ചുവരുന്ന ഡിജിറ്റൽ ജീവിതശൈലി മൂലം വർദ്ധിക്കുന്ന സമ്മർദ്ദം, ഉത്കണ്ഠ, വിഷാദം എന്നിവയെ ചെറുക്കുന്നതിനുള്ള സ്വാഭാവിക പരിഹാരം നൽകുന്നു,' ഹെർബോകെം പാർട്ണർ കാർത്തിക് കൊണ്ടേപ്പുടി പറഞ്ഞു.

# പമ്പ, കൊച്ചുപമ്പ ഡാമുകൾ 13ന് തുറക്കും

**പത്തനംതിട്ട:** ശബരിമല മാസപൂജയ്ക്കായി എത്തുന്ന ഭക്തരുടെ സ്നാനഘട്ടമായ പമ്പ ത്രിവേണിയിലെ ജലനിരപ്പ് താഴ്ന്നതിനാൽ ഇടവമാസ പൂജയുടെ പശ്ചാത്തലത്തിൽ പമ്പ, കൊച്ചുപമ്പ ഡാമുകൾ തുറന്നുവിടാൻ കക്കാട്, സീതത്തോട് കെഎസ്ഇബി ഡാം സേഫ്റ്റി ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനിയർക്ക് അനുമതി നൽകി ജില്ലാ ദുരന്ത നിവാരണ അഥോറിറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാ കളക്ടർ എസ്. പ്രേം കൃഷ്ണൻ ഉത്തരവായി. 13ന് രാവിലെ ആറുമുതൽ 19 വരെ പ്രതിദിനം 25,000 ക്യുബിക് മീറ്റർ വെള്ളം വീതമാണ് തുറന്നുവിടുന്നത്. ഈ സാഹചര്യത്തിൽ പമ്പാ ത്രിവേണിയിലെ ജലനിരപ്പ് ഏകദേശം അഞ്ച് സെൻറിമീറ്റർ ഉയരാനുള്ള സാധ്യതയുള്ളതിനാൽ വൃഷ്ടിപ്രദേശത്തുള്ളവർ ജാഗ്രത പാലിക്കണം.



# കൊച്ചിയെ കാർബൺ ന്യൂട്രലാക്കാൻ എസ്എഫ്ഒ ടെക്നോളജീസ്; സീറോ എമിഷൻ സംരഭം ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ഐക്യരാഷ്ട്രസഭ ലക്ഷ്യം വെക്കുന്ന കാർബൺ പുറംതള്ളൽ 2035ഓടെ 50 ശതമാനം കുറയ്ക്കാനും 2040ഓടെ മലിനീകരണം പൂജ്യമാക്കാനുമുള്ള ഉദ്യമത്തിൻറെ ചുവടു പിടിച്ചു സാമൂഹിക ഉത്തരവാദിത്തത്തിൽ ഭാഗമായി നെസ്റ്റ് ഗ്രൂപ്പിൻറെ (ചലടഠ) മുൻനിര കമ്പനിയായ എസ് എഫ് ഒ ടെക്നോളജീസിൻറെ കാർബൺ റിഡക്ഷൻ ഉദ്യമത്തിന് കൊച്ചിയിൽ തുടക്കം ക്കുറിച്ചു. ഐഎസ്ആർഒ ചെയർമാനും സ്പേസ് ഡിപ്പാർട്ട്മെൻറ് സെക്രട്ടറിയുമായ എസ് സോമനാഥ് നെസ്റ്റ് ഹൈടെക് പാർക്കിൽ വൃക്ഷത്തൈ നട്ട് ദൗത്യം ഉദ്ഘാടനം ചെയ്തു. തുടർന്ന് അദ്ദേഹം നെസ്റ്റ് എഞ്ചിനീയർമാരുമായും മാനേജ്മെൻറ് ടീമുമായും കാർബൺ ന്യൂട്രാലിറ്റിയെക്കുറിച്ചും അതിൽ കമ്പനികൾക്ക് ചെയ്യാൻ കഴിയുന്ന ഇടപെടലുകളെക്കുറിച്ചും സംസാരിച്ചു. എസ് എഫ് ഒ ടെക്നോളജീസും ഐഎസ്ആർഒയുമായുള്ള സഹകരത്തിന്റെ അടയാളമായി ചന്ദ്രായാന്റെ മാതൃക ക്യാമ്പസിൽ അദ്ദേഹം അനാവരണം ചെയ്തു.

ഇന്ത്യൻ ബഹിരാകാശ വ്യവസായം വളർച്ചയുടെയും വികസനത്തിൻറെയും ഒരു സുപ്രധാന കാലഘട്ടത്തിലൂടെയാണ് കടന്ന് പോകുന്നതെന്ന് എസ് സോമനാഥ് പറഞ്ഞു. രാജ്യത്തെ സ്വകാര്യ മേഖലയെക്കുടി ഉൾപ്പെടുത്തി നടത്തുന്ന വികസന ശ്രമങ്ങൾ സ്വകാര്യ മേഖലയ്ക്ക് മികച്ച അവസരമാണ് വാഗ്ദാനം ചെയ്യുന്നത്.

രാജ്യത്തെ ബഹിരാകാശ വ്യവസായം അടുത്ത 510 വർഷത്തിനുള്ളിൽ 2 ബില്യൺ ഡോളറിൽ നിന്ന് 910 ബില്യൺ ഡോളർ വ്യവസായമായി മാറുമെന്നാണ് കേന്ദ്ര സർക്കാർ വിഭാവനം ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു. ചന്ദ്രയാൻ, ആദിത്യ ദൗത്യങ്ങൾക്കായുള്ള ആർ എഫ് ഉപസംവിധാനങ്ങൾ, ആൻറിന സിസ്റ്റങ്ങളുടെ നിർമ്മാണം, വിക്ഷേപണ വാഹനങ്ങൾക്കായുള്ള ക്രയോജനിക് എഞ്ചിൻ നിയന്ത്രണ സംവിധാനങ്ങൾ എന്നിങ്ങനെ ഒന്നിലധികം പ്രോഗ്രാമുകളിൽ എസ്എഫ്ഒ ടെക്നോളോജിസ് ഐഎസ്ആർഒയുമായി സഹകരിച്ചു പ്രവർത്തിച്ചിട്ടുണ്ട്. ആദ്യമായി മനുഷ്യനെ ബഹിരാകാശത്തേക്ക് കൊണ്ടുപോകാൻ ലക്ഷ്യമിട്ടുള്ള ഗഗൻയാൻ പദ്ധതി ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി ഐഎസ്ആർഒയുമായി ചർച്ചകൾ നടന്നുവരികയാണെന്ന് നെസ്റ്റ് ഗ്രൂപ്പ് ചെയർമാൻ എൻ ജഹാംഗീർ പറഞ്ഞു.എസ്എഫ്ഒ ടെക്നോളജീസും നെസ്റ്റ് ഗ്രൂപ്പും പരിസ്ഥിതി സംരക്ഷണത്തിനും കാർബൺ പുറന്തള്ളൽ കുറയ്ക്കുന്നതിനും പ്രതിജ്ഞാബദ്ധരാണ്. കാലാവസ്ഥാ വ്യതിയാനത്തിൻറെ ആഘാതം ദൈനംദിന ജീവിതത്തിൽ വളരെ പ്രകടമാണ്. യുഎൻ, യൂറോപ്യൻ യൂണിയൻ, യുഎസ് ഉൾപ്പെടെയുള്ള രാജ്യങ്ങൾ കാർബൺ പുറന്തള്ളുന്നതിന് നിർബന്ധിത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും കമ്പനികളെ അതിനായി പ്രോത്സാഹിപ്പിക്കുന്നുണ്ടെന്ന് എസ്എഫ്ഒ ടെക്നോളജീസ്, ഹാർഡ്വെയർ ആൻഡ് മാനുഫാക്ചറിംഗ് സിഇഒയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ അൽത്താഫ് ജഹാംഗീർ, പറഞ്ഞു.കാർബൺ മലിനീകരണം പരമാവധി കുറച്ചു കൊണ്ട് സാമൂഹിക പ്രതിബദ്ധതയുള്ള ഒരു സ്ഥാപനമെന്ന മാതൃക സൃഷ്ടിക്കുന്നതിന് ഒന്നിലധികം പങ്കാളികളുമായി കരാറിൽ ഒപ്പുവെച്ചതായും അദ്ദേഹം കൂട്ടിച്ചേർത്തു. നെസ്റ്റ് ഡിജിറ്റൽ സിഇഒയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ നസ്നീൻ ജഹാംഗീർ സംസാരിച്ചു.

# വാരാഘോഷം സംഘടിപ്പിച്ചു

**കൊച്ചി:** തൊഴിൽക്ഷമത ഉറപ്പാക്കുന്നതിനായി സജീവമായി പ്രവർത്തിക്കുന്ന ഓസ്ട്രേലിയയിലെ മുൻനിര സ്ഥാപനമായ ആർ.എം.ഐ.ടി സർവകലാശാലയും കിങ്സ് കോർണർ സ്റ്റോൺ ഇന്റർനാഷണൽ കോളേജും സഹകരണ വാരാഘോഷം സംഘടിപ്പിച്ചു.വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി ഇന്ത്യയിൽ നിന്ന് ഓസ്ട്രേലിയയിലേക്ക് മാറുന്നതിനെ സഹായിക്കുന്ന പദ്ധതിയാണ് ഓസ്ട്രേലിയൻ ട്രാൻസ്ഫർ പ്രോഗ്രാമുകൾ. 2016 മുതൽ ഇതിനായി സർവകലാശാലയും കിങ്സ് കോർണർ സ്റ്റോൺ കോളേജും സഹകരിച്ചു വരികയാണ്. 2016ൽ ഡൽഹിയിലെ ഓസ്ട്രേലിയൻ ഹൈക്കമ്മീഷനിൽ വെച്ചാണ് രണ്ട് സ്ഥാപനങ്ങളും തമ്മിൽ ധാരണയായത്.

കോളേജിലെ ലൈഫ് സൈക്കിൾ ആന്റ് ഗവേണൻസ് പ്രോഗ്രോ അസോസിയേറ്റ് ഡയറക്ടർ പ്രൊഫസർ അഭിജിത്ത് മണി, നേഴ്സിങ് ലെക്ചററും ക്ലിനിക്കൽ കോർഡിനേറ്ററുമായ നിക്കോൾ ഓർവിൻ, ബയോസയൻസസ് ഫുഡ് ടെക്നോളജി വിഭാഗം അസോസിയേറ്റ് ഡീൻ പ്രൊഫ. രാജാരാമൻ, ഡോ. കെവിൻ ആർഗസ്, അക്കൗണ്ടിങ് ഡിപ്പാർട്ട്മെന്റ് ഡെപ്യൂട്ടി ഹെഡ് മെറിഡിത് തരപോസ് എന്നിവർ വിദ്യാർഥികളുമായി സംവദിച്ചു. ജൂലൈ മാസത്തിലാണ് മെൽബൺ ക്യാപസിലേക്ക് മാറ്റുന്നത്. ക്യാംപസിൽ വിദ്യാർഥികൾക്ക് ലഭിക്കുന്ന തൊഴിലവസരങ്ങളെ കുറിച്ചും സഹായങ്ങളെ കുറിച്ചുമുള്ള ക്ലാസ് വിദഗ്ധരുടെ നേതൃത്വത്തിൽ നടന്നു.പങ്കാളിത്തത്തിലൂടെ വിദ്യാർഥികൾക്കുള്ള ട്യൂഷൻ ഫീസ് 60 ശതമാനം വരെ കുറയുന്നതിനെ കുറിച്ച് കിംങ്സ് കോർണർസ്റ്റോൺ ഇന്റർനാഷണൽ കോളേജ് സി.എഫ്.ഒ ജാസ്മിൻ ക്രിസ്റ്റഫർ വിശദീകരിച്ചു.



കലൂർ ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച അമൃത കാർഡിയോളജി അപ്ഡേറ്റ് അമൃത ആശുപത്രിയിലെ കാർഡിയോളജി വിഭാഗം മേധാവി ഡോ.രാജേഷ് തച്ചാത്തൊടിയിൽ ഉദ്ഘാടനം ചെയ്യുന്നു.

# ഡോക്ടർമാർക്കായി അമൃത കാർഡിയോളജി അപ്ഡേറ്റ് സംഘടിപ്പിച്ചു

**കൊച്ചി:** അമൃത ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിലെ ഡോക്ടർമാർക്കായി ഹൃദ്രോഗ ചികിത്സയുമായി ബന്ധപ്പെട്ട ചർച്ചകളും ക്ലാസും സംഘടിപ്പിച്ചു. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കൊച്ചി, ഇടപ്പള്ളി ഘടകങ്ങളുടെ സഹകരണത്തോടെ കലൂർ ഐ.എം.എ ഹൗസിൽ നടത്തിയ അമൃത കാർഡിയോളജി അപ്ഡേറ്റിൽ എറണാകുളം, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ നിന്നായി ഇരുനൂറിലധികം ഫിസിഷ്യൻമാർ പങ്കെടുത്തു. അമൃത ആശുപത്രിയിലെ കാർഡിയോളജി വിഭാഗം മേധാവി ഡോ. രാജേഷ് തച്ചാത്തൊടിയിൽ, ഡോ.കെ.യു നടരാജൻ, ഡോ.പ്രവീൺ ജി പൈ, ഡോ.എം വിജയകുമാർ, ഡോ.സരിത ശേഖർ, ഡോ.ഹിഷാം അഹമ്മദ്, ഡോ.നവീൻ മാത്യു, ഡോ.എം.എസ് ഹരികൃഷ്ണൻ തുടങ്ങിയവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഹൃദ്രോഗങ്ങൾ, രക്താതിസമ്മർദ്ദം, കൊളസ്ട്രോൾ, ഡയബറ്റിസ് എന്നിവയുമായി ബന്ധപ്പെട്ട ഡോക്ടർമാരുടെ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി നൽകി.




# പീപ്പിൾ ചോയ്സ് പ്രഥമ ക്രിക്കറ്റ് ലീഗ്: കിഴക്കമ്പലം മൈറ്റി ഇലവൻ ചാമ്പ്യന്മാർ

**കോലഞ്ചേരി:** സെന്റ് പീറ്റേഴ്സ് കോളേജ് മൈതാനിയിൽ മാധ്യമ പ്രവർത്തകർ സംഘടിപ്പിച്ച പീപ്പിൾ ചോയ്സ് കോലഞ്ചേരി പ്രഥമ ക്രിക്കറ്റ് ലീഗിൽ കിഴക്കമ്പലം മൈറ്റി ഇലവൻ ചാമ്പ്യൻമാരായി. പെരുമ്പാവൂർ വെൽകെയർ മെഡിക്കൽസ് റണ്ണറപ്പായി. സമാപന സമ്മേളനത്തിൽ പി.വി. ശ്രീനിജിൻ എം.എൽ.എ. സമ്മാനങ്ങൾ വിതരണം ചെയ്തു. പ്രദീപ് എബ്രഹാം അധ്യക്ഷനായി. പീപ്പിൾ ചോയ്സ് എം.ഡി. വി.എ. അശ്വിൻ, ജൂബിൾ ജോർജ്, എം.എം. പൗലോസ്, എം.വി. ശശിധരൻ, എൻ.കെ. ജിബി, ബാബു പി. ഗോപാൽ, മാത്യു കിങ്ങിണിമറ്റം, അഖിൽ ആൻഡ്രൂസ് എന്നിവർ പ്രസംഗിച്ചു.

# നിരക്ക് ഏകീകരണത്തിന് രംഗത്തിറങ്ങും

**കോലഞ്ചേരി:** ഇന്റർനെറ്റ് ഡിറ്റിപി ഫോട്ടോസ്റ്റാറ്റ് വർക്കേഴ്സ് അസോസിയേഷൻ മഹിളാ വിഭാഗം എറണാകുളം ജില്ലാ കമ്മിറ്റി രൂപവൽക്കരിച്ചു.

  

സവിത ജോർജ്, അശ്വതി നിശാന്ത്, ലേഖ കെ.എസ്

ഏകീകരിച്ച നിരക്ക് ജില്ലയിൽ നടപ്പാക്കുന്നതിനും സംഘടനയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് ആവശ്യ സാധനങ്ങൾ മിതമായ വിലയിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനും യോഗം തീരുമാനിച്ചു. അംഗങ്ങളുടെ ക്ഷേമത്തിനും സമൂഹത്തിന്റെ നന്മയ്ക്കുംവേണ്ടി കൈകോർക്കുവാൻ ജില്ലാ പ്രസിഡന്റ് റെജി രാജൻ പറഞ്ഞു. യോഗം സംസ്ഥാന പ്രസിഡന്റ് റൂയേഷ് കോഴിശ്ശേരി ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി മജീദ് മൈ ബ്രദർ, സംസ്ഥാന ട്രഷറർ സുദർശൻ ആലുങ്ങൽ പ്രസംഗിച്ചു. ബിനീഷ് കുമാർ, ഷൈമ ചാത്തന്നൂർ, ജില്ലാ സെക്രട്ടറി മാത്യു കിങ്ങിണിമറ്റം, ജില്ലാ ട്രഷറർ ജിബിൻ ജോസ്, ലിസ്സി എ.കെ. തുടങ്ങിയവർ സംസാരിച്ചു. പുതിയ ഭാരവാഹികളായി സവിത ജോർജ് (പ്രസിഡന്റ്), അശ്വതി നിശാന്ത് (സെക്രട്ടറി), ലേഖ കെ.എസ്. (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.



# ബോംബെ ഷർട്ട് കമ്പനി: കേരളത്തിലെ ആദ്യ സ്റ്റോർ കൊച്ചിയിൽ തുറന്നു

**കൊച്ചി:** പ്രമുഖ വസ്ത്ര ബ്രാൻഡായ ബോംബെ ഷർട്ട് കമ്പനിയുടെ കേരളത്തിലെ ആദ്യ സ്റ്റോർ കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചു. കമ്പനിയുടെ രാജ്യത്തെ 21ാമത് സ്റ്റോറാണ് കൊച്ചി എംജി റോഡിൽ ജോസ് ജംഗ്ഷനിൽ തുറന്നത്. 2012 ൽ പ്രവർത്തനം തുടങ്ങിയ ബോംബെ ഷർട്ട് കമ്പനി ഇന്ത്യയിലെ ആദ്യ ഓൺലൈൻ കസ്റ്റം മെയ്ഡ് ഷർട്ട് ബ്രാൻഡാണ്. ലോകത്തിലെ മികച്ച മില്ലുകളിൽ നിന്ന് ഇറക്കുമതി ചെയ്ത തുണികൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഏറ്റവും ഗുണമേന്മയുള്ള വസ്ത്രങ്ങളാണ് ഇവിടെ ലഭിക്കുന്നത്. കസ്റ്റം മെയ്ഡ് ഷർട്ടുകൾ, റെഡി ടു വെയർ ഷർട്ടുകൾ, ടെയ്ലർ മെയ്ഡ് ബ്ലെയ്സേർസ്, ജീൻസ് എന്നിവ ഇവിടെ ലഭ്യമാണ്. ഉപഭോക്താക്കളുടെ അളവിനനുസരിച്ച് അവരുടെ ഇഷ്ടാനുസരണമുള്ള ഷർട്ടുകൾ ഇവിടെ നിന്ന് കസ്റ്റമൈസ് ചെയ്ത് വാങ്ങാമെന്നതാണ് ബോംബെ ഷർട്ട് കമ്പനിയുടെ പ്രത്യേകത. സ്റ്റോറിലെത്തുന്ന ഉപഭോക്താവിന് മനസിനിണങ്ങിയ തുണി തെരഞ്ഞെടുക്കാം. അതിന് ശേഷം സ്റ്റൈലിസ്റ്റിന്റെ സഹായത്താൽ അളവ് എടുത്ത് നൽകിയാൽ കമ്പനിയുടെ തന്നെ ടെയ്ലർ ടീം കസ്റ്റമൈസ് ചെയ്ത ശേഷം വസ്ത്രം ഉപഭോക്താവിന്റെ വീട്ടിലെത്തിക്കും. റെഡിമെയ്ഡ് ഡ്രസുകൾ നേരിൽ കണ്ട് ബോധ്യപ്പെട്ട ശേഷം ഓർഡർ നൽകിയാൽ രണ്ടു ദിവസത്തിനുള്ളിൽ ഉപഭോക്താക്കൾക്ക് എത്തിച്ചു നൽകും.കൊച്ചി പോലെ സാംസ്കാരിക പ്രാധാന്യമുള്ള നഗരത്തിലേക്കുള്ള പ്രവേശനം ആവേശം പകരുന്നതാണെന്നും ഇവിടുത്തെ ഫാഷൻ പ്രേമികൾ തങ്ങളുടെ ഗുണമേന്മയുള്ള ഉത്പന്നങ്ങൾ എങ്ങനെ സ്വീകരിക്കുമെന്നറിയാൻ അതിയായ ആകാംക്ഷയുണ്ടെന്നും ബോംബെ ഷർട്ട് കമ്പനി സ്ഥാപകനും സിഇഒയുമായ അക്ഷയ് നർവേക്കർ പറഞ്ഞു.

# കൊച്ചി മെട്രോ ഫീഡർ ഓട്ടോ: ഡെബിറ്റ്ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് പണമടയ്ക്കാം



**കൊച്ചി:** ഗതാഗത സേവനങ്ങൾ നവീകരിക്കുന്നതിലും ഫീഡർ സർവ്വീസുകളിലെ യാത്രാനുഭവം വർധിപ്പിക്കുന്നതിലും മറ്റൊരു നാഴികക്കല്ല് കൂടി പിന്നിടുകയാണ് കൊച്ചി മെട്രോയുടെ ഫീഡർ ഓട്ടോറിക്ഷകൾ. കൊച്ചി മെട്രോയുടെ ഫീഡർ ഓട്ടോറിക്ഷ യാത്രക്കായുള്ള നിരക്കുകൾ ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ, വിവിധ യുപിഐ ആപ്പുകൾ വഴി സ്വീകരിക്കും. കൊച്ചി വൺ കാർഡ് ഉപയോഗിച്ചും ഫീഡർ ഓട്ടോയുടെ പണമടക്കാം. സംസ്ഥാനത്ത് ആദ്യമായാണ് ഓട്ടോറിക്ഷകളിൽ പി.ഓ.എസ് മെഷീനുകൾ സജ്ജീകരിക്കുന്നത്. ഫീഡർ ഓട്ടോയുടെ പെയ്മെന്റുകൾ ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ, യുപിഐ വഴി സാധ്യമാകുന്ന സേവനത്തിന് മെയ് 13ന് തുടക്കം കുറിക്കും. യാത്രയുടെ വിശദാംശങ്ങളും നിരക്ക് വിവരങ്ങളും അടങ്ങിയ ഡിജിറ്റൽ രസീതുകൾ ഫീഡർ ഓട്ടോ ഉപഭോക്താക്കൾക്ക് ലഭിക്കും. ഇതുവഴി നിരക്കിലുൾപ്പെടെ സുതാര്യത ഉറപ്പാക്കുവാൻ സാധിക്കും. ഫീഡർ ഓട്ടോകളിലെ പെയ്മെന്റ് 100 ശതമാനം ഡിജിറ്റലാക്കുവാനും ഇത് ഉപകരിക്കും. എറണാകുളം ജില്ലാ ഓട്ടോ ഡ്രൈവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി, ഛിലഉശ സ്മാർട്ട് മൊബിലിറ്റി എന്നിവരുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് വൈകുന്നേരം മൂന്നിന്

പത്തടിപ്പാലംപിഡബ്ല്യുഡി റെസ്റ്റ് ഹൗസിൽ ചേരുന്ന യോഗത്തിൽ കെഎംആർഎൽ എംഡി ലോക് നാഥ് ബഹ്റ ഉദ്ഘാടനം ചെയ്യും.

# ജിയോയുടെ പുതിയ ഒ ടി ടി പ്ലാൻ പ്രതിമാസം 888 രൂപയ്ക്ക്

**മുംബൈ:**സ്ട്രീമിംഗ് പ്രേമികളെ ആകർഷിക്കുന്നതിനായി ജിയോ പുതിയ പോസ്റ്റ്പെയ്ഡ് ഒ ടി ടി ബണ്ടിൽഡ് പ്ലാൻ അവതരിപ്പിച്ചു. അൺലിമിറ്റഡ് ഡാറ്റാ ആനുകൂല്യങ്ങൾക്കൊപ്പം മികച്ച സ്ട്രീമിംഗ് അനുഭവം നൽകുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന പ്രതിമാസം 888 വിലയുള്ള പുതിയ പോസ്റ്റ്പെയ്ഡ് പ്ലാൻ, ജിയോ ഫൈബർ, ജിയോ എയർഫൈബർ ഉപഭോക്താക്കൾക്ക് ലഭ്യമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.തടസ്സമില്ലാത്ത സ്ട്രീമിംഗിനും അൺലിമിറ്റഡ് കണ്ടന്റ് ആക്സസിനുമൊപ്പം, ജിയോയുടെ പുതിയ പ്ലാൻ വരിക്കാർക്ക് 30 എംബിപിഎസ് വേഗതയിൽ അൺലിമിറ്റഡ് ഡാറ്റ വാഗ്ദാനം ചെയ്യുന്നു.

കൂടാതെ, നെറ്റ്ഫ്ലിക്സിന്റെ അടിസ്ഥാന പ്ലാൻ, ആമസോൺ പ്രൈം, ജിയോസിനിമ പ്രീമിയം തുടങ്ങിയ ജനപ്രിയ പ്ലാറ്റ്ഫോമുകൾ ഉൾപ്പെടെ 15ലധികം പ്രമുഖ ഒ ടി ടി ആപ്പുകളിലേക്ക് സബ്സ്ക്രൈബർമാർക്ക് എക്സ്ക്ലൂസീവ് ആക്സസ് ലഭിക്കുന്നു.പുതിയ വരിക്കാർക്ക് അല്ലെങ്കിൽ 10 എംബിപിഎസ് അല്ലെങ്കിൽ 30 എംബിപിഎസ് പ്ലാനിലുള്ള നിലവിലുള്ള ഉപയോക്താവോ ആകട്ടെ, 888 പോസ്റ്റ്പെയ്ഡ് പ്ലാൻ എല്ലാവരുടെയും സ്ട്രീ



മിംഗ് ആവശ്യങ്ങൾ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. പ്രീപെയ്ഡ് പ്ലാനുകളിലുള്ളവർ ഉൾപ്പെടെ നിലവിലുള്ള എല്ലാ ഉപയോക്താക്കൾക്കും പുതിയ പോസ്റ്റ്പെയ്ഡ് പ്ലാനിലേക്ക് എളുപ്പത്തിൽ അപ്ഗ്രേഡ് ചെയ്യാനും കഴിയും.

കൂടാതെ, അടുത്തിടെ പ്രഖ്യാപിച്ച ജിയോ ഐപിഎൽ ധൻ ധനാ ധൻ ഓഫറും ഈ പ്ലാനിൽ ബാധകമാണ്. യോഗ്യരായ വരിക്കാർക്ക് അവരുടെ ജിയോ ഹോം ബ്രോഡ്ബാൻഡ് കണക്ഷനിൽ ( JioFiber AsÃ¦nÂ AirFiber ) 50 ദിവസത്തെ ഡിസ്കൗണ്ട് ക്രെഡിറ്റ് വൗച്ചർ ലഭിക്കും.

ജിയോ ധൻ ധനാ ധൻ ഓഫർ, 2024 മെയ് 31 വരെ ലഭ്യമാണ്, ഇത് ഠ20 സീസണിനായി പ്രത്യേകം രൂപകൽപന ചെയ്തതാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

